"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കേരള പഞ്ചായത്ത് രാജ് ആക്റ്റ് - തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നിയമാനുസൃതമല്ലാത്ത തീരുമാനങ്ങൾ റദ്ദ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർബി) വകുപ്പ്**

സ.ഉ.(സാധാ) നം.2035/2024/LSGD തീയതി,തിരുവനന്തപുരം, 26-10-2024

---

പരാമർശം:-

1. പുന്നയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 15/07/2022-ലെ 14(1), 06/09/2022 ലെ 2(1) നമ്പർ തീരുമാനങ്ങൾ
2. പുന്നയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 12/09/2022-ലെ Sec-1764/2022 നമ്പർ കത്ത്.
3. 07/02/2023-ലെ G.O.(Rt) No.353/2023/LSGD
4. ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ റഫറൻസ് നം.01/2023-ലെ 07/05/2024-ലെ ഉത്തരവ്.

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ പുന്നയൂർ ഗ്രാമപഞ്ചായത്തിൽ ദേശീയ പാതയ്ക്കരികിൽ നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് പ്രവേശനാനുമതി ലഭിച്ചിട്ടില്ലെന്ന കാരണം പറഞ്ഞ് നിർമ്മാണാനുമതി നിഷേധിക്കുന്നത് സംബന്ധിച്ച വിഷയം 15/07/2022-ലെ പഞ്ചായത്ത് ഭരണസമിതിയോഗത്തിൽ ചർച്ച ചെയ്യുകയും ദേശീയ പാതയുടെ ആക്സസ് പെർമിറ്റ്, 6 മീറ്റർ ദൂരപരിധി എന്നിവ ബാധകമാക്കാതെ നടപടി സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും(തീരുമാനം നം.14(1)) ചെയ്തതിരുന്നുവെന്നും കേന്ദ്ര ദേശീയപാത മന്ത്രാലയത്തിന്റെ സർക്കുലറുകൾ നിലവിലുള്ളതിനാൽ ടി തീരുമാനം 1994-ലെ കേരള പഞ്ചായത്ത് രാജ് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൽമേൽ സ്വീകരിക്കേണ്ടുന്ന നടപടി ക്രമം) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം പുനരവലോകനം ചെയ്യണമെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെത്തുടർന്ന് 06.09.2022-ലെ പഞ്ചായത്ത് ഭരണസമിതി ഇക്കാര്യം പരിശോധിക്കുകയും നിലവിൽ ആക്സസ് പെർമിറ്റ് ആവശ്യമുണ്ടെന്ന് കാണിച്ചുള്ള എല്ലാ പെർമിറ്റ് അപേക്ഷകളും കെട്ടിട നമ്പറിനുള്ള അപേക്ഷകളും 30 ദിവസത്തിനകം തീർപ്പാക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു കൊണ്ട് തീരുമാനമെടുക്കുകയും (തീരുമാനം നം.2(1)) ചെയ്തിട്ടുണ്ടെന്നും പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച ഭരണസമിതി തീരുമാനം നടപ്പാക്കുന്നതിന് മുമ്പ് ഇക്കാര്യത്തിൽ നിർദ്ദേശം നൽകണമെന്നും പരാമർശം (1) പ്രകാരം പുന്നയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

2) ഹൈവേ ഉപയോഗിക്കുന്നവരുടെ സുരക്ഷ മുൻനിർത്തി സാങ്കേതികമായി രൂപകൽപന ചെയ്ത കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ ബാധകമാക്കാതെ നടപടി സ്വീകരിക്കുന്നതിന് ഏകപക്ഷീയമായി ശിപാർശ ചെയ്ത പുന്നയൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ നടപടി നിലനിൽക്കുന്നതല്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിക്കുകയുണ്ടായി.

3) തുടർന്ന് പരാമർശം (2) പ്രകാരം, പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 15-07-2022-ലെ 14(1), 06-09-2022-ലെ 2(1) എന്നീ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191 (4) പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് കൊണ്ട് സ്റ്റേ ചെയ്യുകയും ഈ വിഷയം കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191 (2) പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന് റഫർ ചെയ്യുകയുമുണ്ടായി.

4) കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പ്രത്യേകഅധികാരപരിധിയിൽ വരുന്ന വിഷയമാണെന്നും 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 185B പ്രകാരം കെട്ടിടനിർമ്മാണ പെർമിറ്റ് നൽകുന്നതിൽ പഞ്ചായത്തിന്റെയോ പ്രസിഡന്റിന്റെയോ കമ്മിറ്റിയുടെയോ യാതൊരു ഇടപെടലോ സ്വാധീനമോ ഇല്ലാതെ സ്വതന്ത്രമായി തീരുമാനമെടുക്കുന്നതിന് സെക്രട്ടറിക്ക് അധികാരമുണ്ടെന്നും പുന്നയൂർ ഗ്രാമപഞ്ചായത്തിന്റെ 15.07.2022-ലെ 14(1), 06.09.2022-ലെ 2(1) എന്നീ തീരുമാനങ്ങൾ നിയമാനുസൃതമല്ലെന്നും പുന്നയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ നടപടി നിയമാനുസൃതമാണെന്നും പരാമർശം (4) പ്രകാരം ബഹു. ട്രൈബ്യൂണൽ ഉത്തരവായിട്ടുണ്ട്.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുന്നയൂർ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 15-07-2022-ലെ 14(1), 06/09/2022-ലെ 2(1) എന്നീ തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 191(2) വകുപ്പിലെ അധികാരം വിനിയോഗിച്ച് റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
H MUHAMMED FAISAL
ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ
പ്രസിഡന്റ്, പുന്നയൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
സെക്രട്ടറി, പുന്നയൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 26-10-2024 15:25:41
സെക്ഷൻ ഓഫീസർ